**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1716** **05-07-2022 - ൽ മറുപടിയ്ക്ക്**

**വിദൂര വിദ്യാഭ്യാസ രീതിയിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ സർവ്വകലാശാലകളിൽ 2012 മുതൽ 2022 വരെയുള്ള കാലയളവിൽ വിദൂര വിദ്യാഭ്യാസ രീതിയിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണം ,ട്യൂഷൻ ഫീ ഇനത്തിൽ വിദ്യാർഥികളിൽനിന്ന് പിരിച്ചെടുത്ത തുകയുടെ കണക്ക് എന്നിവ ലഭ്യമാക്കാമോ; | (എ) | **കേരള, കണ്ണൂർ സർവ്വകലാശാല**കളിൽ 2012 മുതൽ 2022 വരെയുള്ള കാലയളവിൽ വിദൂര വിദ്യാഭ്യാസ രീതിയിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണം, ട്യൂഷൻ ഫീ ഇനത്തിൽ വിദ്യാർഥികളിൽ നിന്ന് പിരിച്ചെടുത്ത തുകയുടെ കണക്ക് എന്നിവ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.<br><br>**മഹാത്മാഗാന്ധി സർവ്വകലാശാല**യുടെ ഓഫ് കാമ്പസ് സെന്ററുകളിൽ 2012-13, 2013-14, 2014-15 വർഷങ്ങളിൽ പ്രവേശനം നേടിയ കുട്ടികളുടെ ആകെ എണ്ണം - 22835. സർവ്വകലാശാലയുടെ ഓഫ് ക്യാമ്പസ് സെന്ററുകളിൽ നിന്നും ഉള്ള ആകെ വരുമാനം 2012-13 വർഷം INR 7 കോടിക്കും 8 കോടിക്കും ഇടയിലും 2013-14 വർഷം INR 8 കോടിക്കും 9 കോടിക്കും ഇടയിലും 2014-15 വർഷം INR 7 കോടിക്കും 8 കോടിക്കും ഇടയിലും ആയിരുന്നു. 2015 മുതൽ മഹാത്മാഗാന്ധി സർവ്വകലാശാല യുടെ സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷന് കീഴിൽ പ്രവേശനം നടത്തിയിട്ടില്ല.<br><br>**കാലിക്കറ്റ് സർവ്വകലാശാല**യിൽ 2012 മുതൽ 2022 വരെയുള്ള കാലയളവിൽ വിദൂര വിദ്യാഭ്യാസ രീതിയിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണം - 446905. ടി കാലയളവിൽ വിദൂര വിദ്യാഭ്യാസ രീതിയിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളിൽ നിന്ന് ട്യൂഷൻ ഫീ ഇനത്തിൽ പിരിച്ചെടുത്ത തുക – 83,15,61,216/- രൂപ. |
| (ബി) | കേരളത്തിലെ സർവ്വകലാശാലകളിൽ വിദൂര വിദ്യാഭ്യാസ രീതിയിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ കുറവ് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>കോവിഡ് പ്രതിസന്ധിയും, യു.ജി.സി. വിദൂര വിദ്യാഭ്യാസവിഭാഗം വഴി പ്രവേശന നടപടികൾ ആരംഭിച്ചത് നവംബർ മാസത്തിലായിരുന്നു |

| | | | |
|---|---|---|---|
| | | | എന്നതും 2021-22-ൽ വിദ്യാർത്ഥികളുടെ എണ്ണക്കുറവിനു കാരണമായിട്ടുണ്ട്. |
| (സി) | പരീക്ഷ നടത്തിപ്പിലും ഫല പ്രഖ്യാപനത്തിലുമുള്ള കാലതാമസം, പഠനോപകരണങ്ങൾ നൽകുന്നതിലെ കൃത്യത ഇല്ലായ്മ, സമ്പർക്ക ക്ലാസുകളുടെ നിലവാരമില്ലായ്മ എന്നതാണോ വിദ്യാർത്ഥികളുടെ എണ്ണക്കുറവിന് കാരണമായി കാണുന്നത് എന്ന് വ്യക്തമാക്കുമോ; അല്ലെങ്കിൽ എന്താണ് കാരണമെന്ന് അറിയിക്കുമോ; | (സി) | (ബി)-യിൽ നൽകിയിരിക്കുന്നു. |
| (ഡി) | അടിസ്ഥാന യോഗ്യത ഇല്ലാത്ത 18 വയസ്സ് തികഞ്ഞവർക്ക് പ്രവേശന പരീക്ഷ നടത്തി ഡിഗ്രി പഠനത്തിന് പ്രവേശനം നൽകാമെന്ന വ്യവസ്ഥ യു.ജി.സി. ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോ മാറ്റം വരുത്തിയിട്ടുണ്ടോ; | (ഡി) | 2021-22 വർഷത്തിൽ യു.ജി.സി. പ്രവേശന വിജ്ഞാപനങ്ങളിൽ ഓപ്പൺ ഡിഗ്രി യെപ്പറ്റി പരാമർശം ഉണ്ടായിട്ടില്ല. നിലവിലെ യു.ജി.സി. റെഗുലേഷൻസിൽ വിദൂര വിദ്യാഭ്യാസ വിഭാഗം പഠനത്തിനും റെഗുലർ പഠനത്തിനും ഒരേ പ്രവേശന യോഗ്യത ആയിരിക്കണമെന്ന് നിഷ്കർഷി ച്ചിട്ടുണ്ട്. |
| (ഇ) | കാലിക്കറ്റ് സർവ്വകലാശാല മുൻകാലങ്ങളിൽ നടത്തിയിരുന്ന ഓപ്പൺ ഡിഗ്രി പ്രോഗ്രാമിന് 2019 ന് ശേഷം പ്രവേശനം നൽകാതിരിക്കാനുള്ള കാരണം എന്താണെന്ന് അറിയിക്കുമോ; 2022-23 അധ്യയന വർഷത്തിൽ ഓപ്പൺ ഡിഗ്രി പ്രോഗ്രാമുകൾക്ക് പ്രവേശനം നൽകാനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഇ) | 2020-21 വർഷത്തിൽ കാലിക്കറ്റ് സർവ്വകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗത്തിന് യു.ജി.സി. അംഗീകാരം ഉണ്ടായിരുന്നില്ല എന്നതി നാലാണ് ആ വർഷം ഓപ്പൺ ഡിഗ്രി കോഴ്സ് നടത്താതിരുന്നത്. 2021-22 വർഷത്തിൽ യു.ജി.സി. പ്രവേശന വിജ്ഞാപനത്തിൽ ഓപ്പൺ ഡിഗ്രിയെപ്പറ്റി പരാമർശം ഉണ്ടായിട്ടില്ല. നിലവിലെ യു.ജി.സി. റെഗുലേഷൻസിൽ വിദൂരവിദ്യാഭ്യാസ വിഭാഗം പഠനത്തിനും റെഗുലർ പഠനത്തിനും ഒരേ പ്രവേശന യോഗ്യത ആയിരിക്കണമെന്ന് നിഷ്കർഷയുമുണ്ട് എന്നതിനാൽ കാലിക്കറ്റ് സർവ്വകലാശാല 2021-22 വർഷം ഓപ്പൺ ഡിഗ്രി കോഴ്സ് നടത്തുന്നതിൽ യു.ജി.സി. ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോയിൽ നിന്ന് വ്യക്തത തേടിയെങ്കിലും മറുപടി ലഭ്യമായില്ല. ഈ സാഹചര്യത്തിലാണ് 2021-22 വർഷം കാലിക്കറ്റ് സർവ്വകലാശാല ഓപ്പൺ ഡിഗ്രി കോഴ്സ് നടത്താതിരുന്നത്. |

സെക്ഷൻ ഓഫീസർ

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.1716

## അനുബന്ധം

### കേരള സർവ്വകലാശാല

| അക്കാദമികവർഷം | വിദ്യാർത്ഥികളുടെഎണ്ണം | ആകെ ട്യൂഷൻ ഫീസ് |
|---|---|---|
| 2012 | 12218 | Rs. 8,90,11,858 /- |
| 2013 | 16381 | Rs. 12,21,44,870 /- |
| 2014 | 15775 | Rs. 12,04,62,187 /- |
| 2015 | അഡ്മിഷൻ നടന്നിട്ടില്ല | 0 |
| 2016 | അഡ്മിഷൻ നടന്നിട്ടില്ല | 0 |
| 2017 | 11263 | Rs. 10,54,86,784 /- |
| 2018 | 7318 | Rs. 6,88,83,690 /- |
| 2019 | 8580 | Rs. 8,21,07,422 /- |
| 2020 | 8051 | Rs. 5,47,07,933 /- |
| 2021 | 7095 | Rs. 2,13,75,912 /- |

### കണ്ണൂർ സർവ്വകലാശാല

| അക്കാദമികവർഷം | വിദ്യാർത്ഥികളുടെഎണ്ണം | ആകെ ട്യൂഷൻ ഫീസ് |
|---|---|---|
| 2012 | 10630 | Rs.3,30,71,651/- |
| 2013 | 10090 | Rs.3,41,01,183/- |
| 2014 | 12110 | Rs.3,71,07,528/- |
| 2015 | 14166 | Rs.5,12,30,487/- |
| 2016 | 13154 | Rs.5,73,37,418/- |
| 2017 | 13360 | Rs. 6,47,14,191/- |
| 2018 | 10761 | Rs.5,10,25,196/- |
| 2019 | 11480 | Rs.5,34,53,821/- |
| 2020 | 4661 (പ്രൈവറ്റ് രജിസ്ട്രേഷൻ) | Rs.3,19,34,227/- |
| 2021 | 4913 (പ്രൈവറ്റ് രജിസ്ട്രേഷൻ) | Rs.2,61,67,827/- (ഏകദേശം) |

Sreelekha

സെക്ഷൻ ഓഫീസർ